REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ മാധ്യമ സ്ഥാപനങ്ങൾ പങ്കുചേരണമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.
- ബിഹാറിൽ നിയമസഭാ കക്ഷി നേതാക്കളെ തിരഞ്ഞെടുക്കുന്നതിന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട MLA മാരുടെ പ്രത്യേക യോഗം ഇന്ന്.
- ഡൽഹി ചുവപ്പു കോട്ട കാർ ബോംബ് സ്ഫോടന കേസിൽ കശ്മീർ സ്വദേശി NIA അറസ്റ്റിൽ.
- സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന് നാമ നിർദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു.
- കണ്ണൂരിൽ BLO മരിച്ച സംഭവം അന്വേഷിക്കണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.
- ഇന്ന് വൃശ്ചികം ഒന്ന്. ശബരിമലയിൽ മണ്ഡല മകരവിളക്ക് കാലത്തിന് തുടക്കമായി.

## വാർത്തകൾ വിശദമായി

2047-ഓടെ രാജ്യത്തെ വികസിത ഭാരതമാക്കി മാറ്റുന്നതിന് രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ മാധ്യമ സ്ഥാപനങ്ങൾ പങ്കുചേരണമെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ആഹ്വാനം ചെയ്തു. ഹൈദരാബാദിൽ പ്രഥമ രാമോജി എക്സലൻസ് അവാർഡ് വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. തെറ്റായ വിവരങ്ങളുടെയും സാമൂഹിക മാധ്യമങ്ങളുടെ അതിപ്രസരത്തിന്റെയും കാലത്ത് മാധ്യമങ്ങൾ

**വസ്തുനിഷ്ഠത കാത്തുസൂക്ഷിക്കണമെന്ന് ഉപരാഷ്ട്രപതി ആവശ്യപ്പെട്ടു.**

**✪✪✪**

**ബിഹാറിൽ നിയമസഭാ കക്ഷി നേതാക്കളെ തിരഞ്ഞെടുക്കുന്നതിന് BJP യുടെയും JDU വിന്റെയും പുതുതായി തിരഞ്ഞെടുക്കപ്പെട്ട MLA മാരുടെ പ്രത്യേക യോഗങ്ങൾ ഇന്ന് പട്നയിൽ ചേരും. നിതീഷ് കുമാറിന്റെ പേര് അംഗീകരിച്ചതിനാൽ JDU നിയമസഭാ കക്ഷി നേതാവായി അദ്ദേഹത്തെ തന്നെ തിരഞ്ഞെടുത്തേക്കും. പ്രഫുല്ല മാഞ്ചിയെ ഹിന്ദുസ്ഥാൻ അവാമി പാർട്ടി നേതാവായി തെരഞ്ഞെടുത്തു.**

**എല്ലാ ഘടകകക്ഷികളും അതത് നിയമസഭാ കക്ഷി നേതാക്കളെ തിരഞ്ഞെടുത്തുകഴിഞ്ഞാൽ, NDAയുടെ നേതാവിനെ തിരഞ്ഞെടുക്കാൻ 202 MLA മാരുടെ സംയുക്ത യോഗം ചേരും.**

**✪✪✪**

**ബിഹാറിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട 243 MLA മാരുടെ പട്ടിക മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ വിനോദ് സിംഗ് ഗുഞ്ചിയാൽ, ഗവർണർ ആരിഫ് മുഹമ്മദ് ഖാന് കൈമാറി.**

**NDA യിലെ 202 പേരും, മഹാസഖ്യത്തിലെ 34 പേരും, മറ്റു പാർട്ടികളിലെ അംഗങ്ങളും ഉൾപ്പെട്ടതാണ് പട്ടിക.**

**✪✪✪**

**ഹരിയാനയിലെ ഫരീദാബാദിൽ വടക്കൻ മേഖല കൗൺസിൽ യോഗത്തിൽ ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് അധ്യക്ഷനാകും. പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രിമാർ, ഡൽഹി, ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലെ ലെഫ്റ്റനന്റ് ഗവർണർമാർ, ചണ്ഡീഗഢ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.**

**സംസ്ഥാന ഗവൺമെന്റുകൾ തമ്മിലെ ഏകോപനം, ജലവിതരണ പ്രശ്നങ്ങൾ, വികസന പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ ലൈംഗികാതിക്രമ കേസുകളുടെ അതിവേഗ അന്വേഷണം, ബാങ്കിംഗ് സേവനങ്ങൾ ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ ചർച്ചയാകും.**

✪✪✪

ഡൽഹി ചുവപ്പു കോട്ട  കാർ ബോംബ് സ്ഫോടന കേസിൽ കശ്മീർ സ്വദേശിയെ NIA അറസ്റ്റ് ചെയ്തു. അമീർ റഷീദ് അലിയെയാണ് ഡൽഹിയിൽ നിന്ന് അന്വേഷണ സംഘം  പിടികൂടിയത്. പത്ത് നിരപരാധികളുടെ മരണത്തിനും ഇരുപത്തിയഞ്ച് പേർക്ക് പരിക്കേൽക്കാനും കാരണമായ ഭീകരാക്രമണത്തിന് ചാവേർ ആയ ഉമറുമായി ചേർന്ന് അമീർ റഷീദ് ഗൂഢാലോചന നടത്തിയതായി NIA അറിയിച്ചു.

ആക്രമണത്തിന് ഉപയോഗിച്ച കാർ ഇയാളുടെ പേരിലാണ് രജിസ്റ്റർ ചെയ്തതെന്നും NIA വ്യക്തമാക്കി. ഭീകരവിരുദ്ധ ഏജൻസി ഉമറിന്റെ ഉടമസ്ഥതയിലെ മറ്റൊരു വാഹനവും പിടിച്ചെടുത്തിട്ടുണ്ട്. കേസിൽ തെളിവുകൾക്കായി ഈ വാഹനം പരിശോധിച്ചു വരികയാണ്.

✪✪✪

സംസ്ഥാനത്ത് തദ്ദേശ  തിരഞ്ഞെടുപ്പിന് നാമ നിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. ഈ മാസം 21  വരെയാണ് പത്രികാ നൽകാനാവുക.

1,199 തദ്ദേശ സ്ഥാപനങ്ങളിലെ  23,576 വാർഡുകളിലേക്ക് അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 നാണ്.

✪✪✪

സംസ്ഥാനത്ത് രണ്ട് കോടി 63 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വോട്ടർമാർക്ക് വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ അറിയിച്ചു. ഇത് മൊത്തം വോട്ടർമാരുടെ 94.52 ശതമാനമാണ്.

എല്ലാ BLO മാരും ഇതുവരെ പൂർണ്ണമായ  വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടില്ലാത്തതിനാൽ യഥാർത്ഥ എണ്ണം ഇതിലും കൂടുതലായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

തദ്ദേശഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചെലവുകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിരീക്ഷകരെ നിയോഗിച്ചു. ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെയാണ് ചെലവ് നിരീക്ഷകരായി നിയമിച്ചിച്ചത്.  നവംബർ

**25 മുതൽ അതത് ജില്ലയിലെ വോട്ടെടുപ്പ് അവസാനിക്കുന്നത് വരെയാണ് ഇവർക്ക് ചുമതല.**

**✪✪✪**

**കണ്ണൂരിൽ BLO അനീഷ് ജോർജ് ആത്മഹത്യ ചെയ്ത സംഭവം ഗൗരവമായി അന്വേഷിക്കണമെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ ആവശ്യപ്പെട്ടു. BLO മാർ നേരിടുന്നത് അമിതമായ ജോലി ഭാരമാണെന്നും, തെരഞ്ഞെടുപ്പ് കമ്മിഷനും സംസ്ഥാന ഗവൺമെന്റും ഇക്കാര്യത്തിൽ കൃത്യമായി മറുപടി പറയണമെന്നും സതീശൻ കോഴിക്കോട്ട് ആവശ്യപ്പെട്ടു. കടുത്ത സമ്മർദത്തിലാണ് BLO മാർ ജോലി ചെയ്യുന്നതെന്നും പ്രതിപക്ഷ നേതാവ് മാധ്യമങ്ങളോട് പറഞ്ഞു.**

**✪✪✪**

**കണ്ണൂർ പയ്യന്നൂർ മണ്ഡലത്തിലെ പതിനെട്ടാം നമ്പർ ബൂത്ത് ലെവൽ ഓഫീസറായ അനീഷ് ജോർജിന്റെ മരണത്തിന് പിന്നിൽ SIR മായി ബന്ധപ്പെട്ട ജോലി സമ്മർദ്ദമില്ലെന്ന് കണ്ണൂർ ജില്ലാ കലക്ടർ അരുൺ K വിജയൻ അറിയിച്ചു. അംഗൻവാടി അധ്യാപകരെ BLO മാരായി മാറ്റിയതിന്റെ ഭാഗമായാണ് ആലപ്പടമ്പ് കുന്നരു യു.പി സ്കൂളിലെ ഓഫീസ് അറ്റൻഡറായ അനീഷിനെ ചുമതലയേൽപ്പിച്ചത്. ഇദ്ദേഹത്തിന് കഴിഞ്ഞ ഒക്ടോബർ നാലിന് തീവ്ര പരിശീലനം നൽകിയിരുന്നു.**

**അനീഷ് ജോർജിന്റെ വിയോഗത്തിൽ ജില്ലാ ഭരണകൂടം അനുശോചിക്കുന്നതായും കലക്ടർ അറിയിച്ചു.**

**✪✪✪**

**പയ്യന്നൂരിൽ BLO അനീഷ് ജോർജിന്റെ ആത്മഹത്യയിൽ സമഗ്രാന്വേഷണം വേണമെന്ന് BJP കണ്ണൂർ നോർത്ത് ജില്ലാ പ്രസിഡൻറ് KK വിനോദ് കുമാർ ആവശ്യപ്പെട്ടു. അനീഷ് ജോർജ്ജിന് മേൽ നിരന്തരം CPIM നേതാക്കൾ ഭീഷണിയും സമ്മർദ്ദവും ചെലുത്തിയെന്ന് അദ്ദേഹം ആരോപിച്ചു.**

**അനീഷ് ജോർജിന്റെ മരണത്തിൽ സമഗ്ര അന്വേഷണം വേണമെന്ന് കണ്ണൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് മാർട്ടിൻ ജോർജും ആവശ്യപ്പെട്ടു. CPIM ൽ നിന്ന് അനീഷ് ജോർജിന് ഭീഷണി ഉണ്ടായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.**

സംഭവം തെറ്റായി വ്യാഖ്യാനിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നതിനാണ് UDF ശ്രമിക്കുന്നതെന്ന് CPIM കണ്ണൂർ ജില്ലാ സെക്രട്ടറി KK. രാഗേഷ് പറഞ്ഞു. മരണത്തിന് കാരണം ജോലി സമ്മർദമാണെന്ന് അനീഷ് ജോർജിന്റെ പിതാവ് വ്യക്തമാക്കിയിട്ടുണ്ടെന്ന് രാഗേഷ് അറിയിച്ചു.

✪✪✪

കണ്ണൂരിൽ BLO മരിച്ച സംഭവത്തിൽ NGO യൂണിയനും ജോയിന്റ് കൗൺസിലും അധ്യാപക സംഘടനകളും ഇന്ന് പ്രതിഷേധിക്കും. ജില്ലയിലെ BLO മാർ പണി മുടക്കി ചീഫ് ഇലക്ട്രൽ ഓഫീസിലേക്കും കലക്ട്രേറ്റുകളിലേക്കും പ്രതിഷേധ മാർച്ച് നടത്തും.

✪✪✪

ഇന്ന് വൃശ്ചികം ഒന്ന്. ശബരിമലയിൽ മണ്ഡല മകരവിളക്ക് കാലത്തിന് തുടക്കമായി. തീർത്ഥാടകരെ വരവേൽക്കാൻ ഒരുക്കങ്ങൾ പൂർത്തിയായി. പുതിയ മേൽശാന്തിമാർ ഇന്നലെ സ്ഥാനമേറ്റു. പുലർച്ചെ മൂന്നിനു നടതുറന്നു. ഉച്ചക്ക് ഒന്നുവരെയും, ഉച്ചയ്ക്ക് ശേഷം മൂന്നുമുതൽ രാത്രി 11 വരെയും ദർശനം ലഭിക്കും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

.....(വോയ്സ്)......

✪✪✪

ഈ വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് കാലത്ത് ഇടുക്കി ജില്ലയിലെ വെജിറ്റേറിയൻ ഹോട്ടലുകളിൽ വിൽക്കുന്ന ആഹാര സാധനങ്ങൾക്ക് വില നിർണ്ണയിച്ച് ജില്ലാ കളക്ടർ ഡോ. ദിനേശൻ ചെറുവാട്ട് ഉത്തരവിട്ടു. വിലവിവരപട്ടിക ഹോട്ടലുകളിൽ പ്രദർശിപ്പിക്കണമെന്ന് കലക്ടർ നിർദ്ദേശം നൽകി.

✪✪✪

തിരുവിതാംകൂർ ദേവസ്വം ബോർഡ് തയ്യാറാക്കിയ 2026 ലെ ഡയറി ഇന്ന് സന്നിധാനത്തു പ്രകാശനം ചെയ്യും. രാവിലെ കൊടിമരത്തിന് സമീപം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് ഡോ. K. ജയകുമാർ ആണ് പ്രകാശനം ചെയ്യുക.

✪✪✪

പാലക്കാട് കൽപ്പാത്തി രഥോത്സവം സമാപിച്ചു. പത്തുദിവസം നീണ്ട ആഘോഷങ്ങൾക്കും മൂന്ന് ദിവസത്തെ രഥ പ്രയാണങ്ങൾക്കും ശേഷമാണ് രഥോത്സവത്തിന് സമാപനമായത്. ഇന്നലെ വൈകീട്ട് ഉത്സവത്തിന് സമാപനം കുറിച്ച് തേര്മുട്ടിയിൽ ദേവ രഥങ്ങൾ അണിനിരന്നു. ആഘോഷങ്ങൾ അവസാനിച്ചെങ്കിലും ആഗ്രഹാര വീഥികളിലെ തേര് കടകൾ രണ്ടാഴ്ച കൂടി തുടരും.

✪✪✪

മദ്ധ്യതിരുവിതാംകൂറിലെ പ്രസിദ്ധമായ വ്യാപാര, വാണിജ്യമേളയായ തെള്ളിയൂർക്കാവ് വൃശ്ചിക വാണിഭത്തിനു അല്പസമയത്തിനകം തുടക്കമാകും. രാവിലെ ഒൻപതിനു തെള്ളിയൂർക്കാവ് ഭഗവതി ക്ഷേത്ര ഗജമണ്ഡപത്തിൽ ധാന്യ സമർപ്പണം നിർവഹിച്ച് ദേശീയ കർമ്മാചാരിക മിഷൻ അംഗം ഡോ.പി.പി വാവ ഉദ്ഘാടനം നിർവഹിക്കും.

വിവിധകേന്ദ്രങ്ങളിൽ നിന്ന് രണ്ടാഴ്ച KSRTC പ്രത്യേക സർവീസ് നടത്തും.

✪✪✪

പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഇന്ന് കോഴിക്കോട് ജില്ലയിലെ കോളേജുകളിൽ SIR ഡേ ആയി ആചരിക്കും. SIR സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുക, യുവജനങ്ങളുടെ സഹകരണവും നേതൃത്വതവും ഉറപ്പാക്കുക, യുവജന പങ്കാളിത്തത്തോടെ SIR നടപടി വേഗത്തിലാക്കുക, ജനാധിപത്യ ആശയങ്ങൾ ശക്തിപ്പെടുത്തുക തുടങ്ങിയവ ലക്ഷ്യമിട്ടാണ് SIR ഡേ.

രാവിലെ പതിനൊന്നരയ്ക്ക് ജില്ലയിലെ മുഴുവൻ ക്യാമ്പസുകളിലും SIR ബെൽ മുഴങ്ങും.. തുടർന്ന് ക്ലാസ്സുകളിൽ ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകളിൽ ബോധവൽക്കരണ വീഡിയോകൾ പ്രദർശിപ്പിക്കും.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണങ്ങളുടെ ഭാഗമായി പൊതുജനങ്ങളെ സഹായിക്കാൻ എല്ലാ ബൂത്ത് പരിസരങ്ങളിലും ഇന്ന് മുതൽ വോട്ടർ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അനുകുമാരി അറിയിച്ചു. എന്യൂമറേഷൻ ഫോം പൂരിപ്പിക്കുന്നതിൽ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന എല്ലാ സംശയങ്ങളും ദൂരീകരിക്കുകയാണ് വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകളുടെ ലക്ഷ്യം. സെന്ററുകളിൽ BLO മാരുടെ

മേൽനോട്ടത്തിൽ വോളണ്ടിയർമാരെയും നിയമിക്കുമെന്ന് കളക്ടർ പറഞ്ഞു.

✪✪✪

ഇന്ന് ലോക ഗർഭാശയ ഗള കാൻസർ നിർമ്മാർജന ദിനം. ഗർഭാശയഗള കാൻസർ നേരത്തെ കണ്ടെത്തി ചികിൽസിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും നിശ്ചിത ദിവസങ്ങളിൽ കാൻസർ പരിശോധനാ സൗകര്യം ലഭ്യമാണെന്നും, രോഗനിർണയ സൗകര്യങ്ങൾ എല്ലാവരും ഉപയോഗപ്പെടുത്തണമെന്നും മന്ത്രി വീണാ ജോർജ് നിർദ്ദേശിച്ചു.

✪✪✪

അക്കൗണ്ട്സ് & എന്റൈറ്റിൽമെന്റ് ഓഫീസുകളിലെ മികവിന് CAG നൽകുന്ന "ഓഫീസ് ഓഫ് ദി ഇയർ അവാർഡ് " കേരള അക്കൗണ്ടന്റ് ജനറൽ ഓഫീസിന് ലഭിച്ചു. ന്യൂഡൽഹിയിൽ ഓഡിറ്റ് ദിവസ് ആഘോഷപരിപാടിയിൽ പുരസ്കാരം കൈമാറി.

സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടുകളും എന്റൈറ്റിൽമെന്റ് പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുകയാണ് എജീസ് ഓഫീസിന്റെ ദൗത്യം

✪✪✪

പ്രഥമ വനിതാ ട്വന്റി-20 ലോകകപ്പ് ബ്ലൈൻഡ് ക്രിക്കറ്റിൽ ഇന്ത്യയുടെ വനിതാ ടീമിന്റെ വിജയക്കുതിപ്പ് തുടരുന്നു. അഞ്ചാം മത്സരത്തിൽ പാകിസ്താനെ എട്ട് വിക്കറ്റിനാണ് ടീം ഇന്ത്യ തോൽപ്പിച്ചത്.

മികച്ച പ്രകടനത്തിന് അനേഖാ ദേവിയെ പ്ലെയർ ഓഫ് ദ മാച്ച് ആയി തിരഞ്ഞെടുത്തു.

ശനിയാഴ്ച സെമിഫൈനലിൽ ഗ്രൂപ്പ് ഘട്ടത്തിലെ നാലാം സ്ഥാനക്കാരായ ടീമിനെ ഇന്ത്യ നേരിടും.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ് തങ്ങൾ*
*NRT: നിമിഷ ജി*
*DEO: ഷീബ*

बहुजनहिताय बहुजनसुखाय

आकाशवाणी